


## വിചിന്തനം

മെയ് 2022

2022 ജനുവരി 21 നു വിടപറഞ്ഞ ജീസസ് യൂത്ത് അജ്ന ജോർജിന്റെ ജീവിതത്തെക്കുറിച്ച് തയ്യാറാക്കിയ 'ദിവ്യ കാരുണ്യത്തിന്റെ വാനമ്പാടി' എന്ന പുസ്തകത്തിന്റെ അവസാന അധ്യായത്തിന് എന്തു തലക്കെട്ട് നൽകണമെന്നു ചിന്തിക്കുകയായിരുന്നു. ദൈവാത്മാവ് പ്രേരിപ്പിച്ചതനുസരിച്ച് ഒരുവാക്ക് മനസ്സിൽ തെളിഞ്ഞുവന്നു. 'കിൻസുഗി'. ജപ്പാനിലെ ഒരു പരമ്പരാഗത കലാരൂപമാണ് കിൻസുഗി. ഒരു കളിമൺ പാത്രമോ ഫ്ളവർ വാസോ ഒക്കെ ഉടഞ്ഞു പോയാൽ സാധാരണയായി നമ്മൾ എന്താണ് ചെയ്യുന്നത്? അതിന്റെ ഉടഞ്ഞ കഷണങ്ങൾ വാരിക്കൂട്ടി വെയിസ്റ്റ് ബോക്സിൽ ഉപേക്ഷിക്കും, അല്ലേ? എന്നാൽ, കിൻസുഗി ആർട്ടിസ്റ്റുകൾ ചെയ്യുന്നത് എന്താണെന്നോ? അവർ ആ കഷണങ്ങൾ തുടച്ചു വൃത്തിയാക്കും. എന്നിട്ട് പശ ചേർത്ത കുഴമ്പു രൂപത്തിലുള്ള സ്വർണ്ണ മിശ്രിതം കൊണ്ട് ശ്രദ്ധാപൂർവ്വം ഒട്ടിച്ചു ചേർക്കും. ഉണങ്ങിക്കഴിയുമ്പോൾ ആ പാത്രം ആദ്യത്തേതിനേക്കാൾ ഭംഗിയുള്ളതായി മാറും. അതിന്റെ തകർന്നു പോയ ഭാഗങ്ങളിൽ സ്വർണ്ണ മിശ്രിതം പുരണ്ടിരിക്കുന്നതിനാൽ അവിടം കൂടുതൽ ആകർഷകമായി മാറും.

കിൻസുഗി ചെയ്ത കളിമൺ പാത്രങ്ങൾക്ക് മൂല്യമേറും. കാരണം ഇപ്പോൾ അതിന്റെ വില കളിമണ്ണിന്റെ വിലയല്ല, അതിന്റെ മുറിവുകളിൽ പുരട്ടിയിരിക്കുന്ന സ്വർണ്ണ മിശ്രിതത്തിന്റെ വിലയാണ്. എവിടെയൊക്കെയാണ് ഉടഞ്ഞതെന്നറിയാൻ സ്വർണ്ണവർണ്ണമുള്ള ഭാഗങ്ങൾ ശ്രദ്ധിച്ചാൽ മതി. അതിലൂടെ കണ്ണോടിച്ചാൽ തകർന്നു പോയ ചരിത്രം മുഴുവൻ കണ്ടെത്താമെങ്കിലും ആ മുറിപ്പാടുകൾ മുഴുവൻ സുവർണ്ണ സൗഖ്യത്താൽ പൊതിഞ്ഞിരിക്കുന്നതിനാൽ ആ പാത്രം ഇപ്പോൾ ഉടയാത്ത പാത്രങ്ങളേക്കാൾ സൗന്ദര്യമുള്ളതായി മാറിയിരിക്കുന്നു.

വല്ലാതെ പരിക്കേറ്റ് തകർന്നു പോയ ജീവിതമായിരുന്നു അജ്നയുടേത്. ഒരർത്ഥത്തിൽ എല്ലാം കൊണ്ടും പരാജയമായി മാറിയ ജീവിതം. എന്നാൽ, ജീവിതത്തെ ഒരു കിൻസുഗിക്ക് സ്വയം വിധേയമാക്കിയതുകൊണ്ടാണ് അജ്നയുടെ ജീവിതം ഇന്ന് ലോകം ഇത്രമേൽ താത്പര്യത്തോടെ നോക്കിക്കാണുന്നത്. വേണമെങ്കിൽ അവൾക്ക് ദൈവസ്നേഹത്തെ ചോദ്യം ചെയ്യാമായിരുന്നു. സർക്കോമ എന്ന ക്യാൻസർ ബാധിച്ച് വൈരൂപ്യം നിറഞ്ഞ തന്റെ മുഖം കണ്ണാടിയിൽ കണ്ട് വാവിട്ട് കരയാമായിരുന്നു. ആളുകളുടെ മുന്നിൽ പ്രത്യക്ഷപ്പെടാതെ മുറിയിൽ അടച്ചുപൂട്ടി കഴിയാമായിരുന്നു. ചെറിയ ഒരു തലവേദനയോ ക്ഷീണമോ വന്നാൽപ്പോലും നമ്മിൽ ചിലരൊക്കെ ചെയ്യാറുള്ളതുപോലെ പള്ളിയിൽ പോകാൻപോലും മടികാണിക്കാമായിരുന്നു. എന്നാൽ, അവൾ അങ്ങനെയല്ല ചെയ്തത്. മരണം തൊട്ടുമുൻപിൽ എത്തി നിൽക്കുന്നു എന്ന് ഉറപ്പുണ്ടായിരുന്നിട്ടും അവസാന ദിവസങ്ങളിൽ പോലും എന്തൊരാവേശത്തോടെയാണ് അവൾ നമ്മുടെ എമ്മാവൂസ് കോഴ്സിലെ ആക്ടിവിറ്റികൾ ചെയ്തു തീർത്തത്! സ്തുതിയുടെയും കൃതജ്ഞതയുടെയും സെഷന്റെ ഒരു ആക്റ്റിവിറ്റിയായി അവൾ എഴുതിയ വരികൾ അവളുടെ ജീവിതദർശനത്തെ പൂർണമായും പ്രതിഫലിപ്പിക്കുന്നതാണ്. നാളുകൾ എണ്ണപ്പെട്ടുകഴിഞ്ഞ ഒരാൾ തന്റെ മുറിവുകളെയും വേദനകളെയും നോക്കി ദൈവത്തിനു നന്ദി പറയുന്നു. അവൾ പോയിക്കഴിഞ്ഞപ്പോൾ ആ വാക്കുകളിൽ അഗ്നി ജ്വലിക്കുകയാണ്. നാം ധ്യാനിക്കേണ്ട ഒരു പ്രാർഥനയായി അതു മാറിയിരിക്കുന്നു. കടലാസിലേക്കു കുറിക്കുന്നതിനു മുൻപ് എത്രയോ തവണ അവൾ ഈ വരികൾ ഹൃദയത്തിൽ ഉരുവിട്ടിട്ടുണ്ടാകും!

'എനിക്കായുള്ളു അത്ഭുതങ്ങൾ വൈകുമ്പോഴും
എന്റെ വിശ്വാസം ശിഥിലമാകുമ്പോഴും
എനിക്കു സ്നേഹിക്കാൻ കഴിയാത്തപ്പോഴും
എന്റെ പ്രാർത്ഥനകൾക്ക്
ഉത്തരമില്ലാത്തപ്പോഴും
എന്റെ ശക്തി ക്ഷയിക്കുമ്പോഴും
എന്റെ ഭാവി ഇരുൾമൂടുമ്പോഴും
എന്റെ പ്രത്യാശ നശിക്കുമ്പോഴും
എനിക്കു വേല ചെയ്യാനാകാത്തപ്പോഴും
ഞാൻ രോഗിയും പരിക്ഷീണിതയുമാകുമ്പോഴും
എന്നെ ദൗർഭാഗ്യം വലയം ചെയ്യുമ്പോഴും
എന്റെ ഹൃദയം തകരുമ്പോഴും
എന്റെ സ്വപ്നങ്ങൾ ചിതറി വീഴുമ്പോഴും
എന്റെ കർത്താവിനെ ഞാൻ സ്തുതിക്കും
അവിടുത്തേക്ക് എന്നേക്കും നന്ദി പറയും.

വേദനകളോർത്ത് ദൈവത്തെ പഴിക്കുകയോ നഷ്ടപ്പെട്ടവയെ ഓർത്ത് പരാതിപ്പെടുകയോ ചെയ്യാതെ, താൻ നട്ടു വളർത്തിയ തക്കാളിച്ചെടിയിൽ കായുണ്ടായതിന്, റോസാച്ചെടിയിൽ പൂവ് വിരിഞ്ഞതിന്, തുടങ്ങി കൊച്ചു കൊച്ചു കാര്യങ്ങളോർത്ത് അവൾ തമ്പുരാന് നന്ദി പറഞ്ഞുകൊണ്ടിരുന്നു. അജ്ന ഒരു കലാകാരിയായിരുന്നു, അവൾ ഭംഗിയായി ചിത്രം വരയ്ക്കുമായിരുന്നു. എന്നാൽ, അവൾ ആർജിച്ചെടുത്ത ഒരു ജീവിത കലയുണ്ടായിരുന്നു. ദേഹം മുഴുവൻ മുറിപ്പാടുകളായിരുന്നെങ്കിലും തന്റെ മനസ്സിലും അന്തരാത്മാവിലുമുണ്ടായ നൊമ്പരങ്ങളെ ദിവസേന ഒരു സുവർണ്ണ സൗഖ്യത്തിനു വിധേയമാക്കുന്ന സുന്ദരകല. ദിവസേനയുള്ള ദിവ്യകാരുണ്യ സ്വീകരണമായിരുന്നു അത്. പരിശുദ്ധ കുർബാനയോളം തന്നെ ബലപ്പെടുത്തുന്ന മറ്റൊന്നില്ലെന്ന് കുഞ്ഞുനാളിലേതന്നെ കിട്ടിയ ബോധ്യമാണ് തകർന്നു പോകാതെ പിടിച്ചു നിൽക്കാൻ അവസാന മണിക്കൂർ വരെ അവളെ സഹായിച്ചത്. അജ്നയുടെ കിൻസുഗി ദിവ്യകാരുണ്യമായിരുന്നു.

ചുറ്റും ഇരുട്ട് നിറഞ്ഞപ്പോൾ അജ്ന തന്റെ നോട്ട്ബുക്കിൽ കുത്തിക്കുറിച്ച ഈ വാക്കുകൾ അവളുടെ സർവ്വ ആശ്രയവും പ്രത്യാശയും ആരിലാണ് അർപ്പിച്ചിരുന്നെതെന്നതിന്റെ നേർസാക്ഷ്യമാണ്:

'പ്രത്യാശിക്കാനും അവലംബിക്കാനും ലോകത്തിൽ ഒന്നും ഇല്ലാതെയായാലും ചോദ്യങ്ങൾക്ക് ഉത്തരമില്ലാതെയായാലും ജീവിതത്തിന്റെ അർഥം മനസ്സിലാകാതെ വന്നാലും എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന, തന്നെ ആശ്രയിക്കുന്നവരെയും അവസാനം വരെ പിടിച്ചു നിൽക്കുന്നവരെയും എന്നും കാക്കുന്ന, ജീവിക്കുന്ന ഒരു ദൈവമുണ്ടെന്ന് ദിനവും എന്നെ ഓർമ്മിപ്പിക്കുന്നു ദിവ്യ കാരുണ്യം'.

നല്ല ദൈവമേ, എന്റെ ജീവിതത്തിലും നിന്റെ സുവർണ്ണ സൗഖ്യം ആവശ്യമുള്ള അനേകം മേഖലകളുണ്ട്. പ്രതിസന്ധികളിൽ മനം മടുത്ത് തളർന്നിരിക്കാതെ തിരുവചനത്താലും കൂദാശകളാലും സ്വയം ജീവിതത്തെ ബലപ്പെടുത്തി, പിടഞ്ഞെഴുന്നേറ്റ് മുന്നോട്ട് പോകാൻ എനിക്കും സാധിക്കട്ടെ. അങ്ങനെ പരീക്ഷണങ്ങളിലൂടെ ഞാനും സ്വർണം പോലെ പ്രകാശിക്കട്ടെ.

-ഫാ. ജോസഫ് കുമ്പുക്കൽ
കൊച്ചി സേക്രഡ് ഹാർട്ട് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറും ജീസസ് യൂത്ത് ചാപ്ലെനും ആണ്. തന്റെ വിദ്യാർത്ഥിയും പിന്നീട് സഹപ്രവർത്തകയും ആയി മാറിയ അജ്നയെക്കുറിച്ചുള്ള പുസ്തകമായ 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി'യുടെ സഹരചയിതാവും കൂടിയാണ് അദ്ദേഹം.